# കില

## വാർത്താപത്രിക

VOLUME-10
ISSUE-5
MAY 2017

kilathrissur@gmail.com | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




പിണറായി പഞ്ചായത്തിലെ എടക്കാട് ഗ്രാമസഭയിൽ പങ്കെടുക്കുന്ന മുഖ്യമന്ത്രി **പിണറായി വിജയൻ**

## മുഖ്യമന്ത്രി പിണറായി വിജയൻ സ്വന്തം ഗ്രാമസഭയിൽ

സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ സ്വന്തം ഗ്രാമസഭയിൽ പങ്കെടുക്കാനെത്തിയപ്പോൾ നാട്ടുകാരിൽ കൗതുകവും ആകാംക്ഷയും. മുഖ്യമന്ത്രി പിണറായി വിജയനാണ് താൻ ഉൾപ്പെടുന്ന പിണറായി പഞ്ചായത്തിലെ എടക്കാട് ഗ്രാമസഭയിലെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് പുതുചരിത്രം കുറിച്ചത്. പദ്ധതി ആസൂത്രണഘട്ടം മുതൽ തന്നെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ഗ്രാമസഭകളെ ശക്തിപ്പെടുത്തുകയെന്ന സർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമായാണ് പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഒന്നാം നമ്പർ ബൂത്തിലെ 1210–ാ മത് വോട്ടറായ പിണറായി വിജയൻ പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായുള്ള ആസൂത്രണ ഗ്രാമസഭയിൽ പങ്കാളിയായത്.

പദ്ധതി ആസൂത്രണ–നിർവഹണ രംഗത്ത് പിണറായി പഞ്ചായത്തിനെ സംസ്ഥാനത്തെ മികച്ച പഞ്ചായത്താക്കി മാറ്റിയെടുക്കണമെന്നു ഗ്രാമസഭ ഉദ്ഘാടനം ചെയ്ത അദ്ദേഹം പറഞ്ഞു. പിണറായിയെ തരിശുരഹിത, വിശപ്പുരഹിത പഞ്ചായത്താക്കി മാറ്റണം. പട്ടിണി കിടക്കുന്നവർക്കു ഭക്ഷണമെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. അഗതികളില്ലാത്ത പ്രദേശമാക്കണം. സാന്ത്വന പരിചരണരംഗത്ത് മികച്ച മാതൃകകൾ സൃഷ്ടിക്കണം. വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവരുടെ സുരക്ഷയും അന്തസ്സും ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. പട്ടികജാതി-പട്ടകവർഗ്ഗ വികസനത്തിനു കൂടുതൽ ഊന്നൽ വേണം. കുടിവെള്ളം ഉറപ്പുവരുത്തൽ, പൊതജനാരോഗ്യം-പൊതുവിദ്യാഭ്യാസ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പാക്കണം. കൈത്തറി ഉൾപ്പെടെയുള്ള മേഖലകളെ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വാർഷിക പദ്ധതിയിൽ ഊന്നൽ നൽകണമെന്നും അദ്ദേഹം പറഞ്ഞു.മുഖ്യമന്ത്രിയുടെ ഭാര്യ കമലയും ഗ്രാമസഭയിൽ സംബന്ധിച്ചിരുന്നു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗ്രാമസഭ ചർച്ച ചെയ്തത്. പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഗീതമ്മ അദ്ധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി പി.ബാലൻ, തലശ്ശേരി ബ്ലോക്ക പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.രാജീവ്, പഞ്ചായത്ത സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺ വി.കെ.പ്രമീള, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ജില്ലാ ആസൂത്രണസമിതി അംഗം കെ.വി.ഗോവിന്ദൻ, പഞ്ചായത്ത് സെക്രട്ടറി സി.എം.പ്രേമൻ പി.വി.രത്നാകരൻ എന്നിവർ സംബന്ധിച്ചു.



തളിപ്പറമ്പ് സമൃദ്ധി-2017 പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയുടെ ഭാഗമായ സംരംഭകത്വ പ്രൊജക്റ്റ് ക്ലിനിക്ക് ധനകാര്യമന്ത്രി **ഡോ.തോമസ് ഐസക്** ഉദ്ഘാടനം ചെയ്യുന്നു

## കൃഷിരീതി വാണിജ്യാടിസ്ഥാനത്തിലാവണം മന്ത്രി ഡോ.തോമസ് ഐസക്

**വാ**ണിജ്യാടിസ്ഥാനത്തിൽ വരുമാനമുണ്ടാക്കുന്ന തരത്തിൽ നമ്മുടെ കൃഷിരീതി മാറണമെന്നു ധനകാര്യമന്ത്രി ഡോ.തോമസ് ഐസക് നിർദ്ദേശിച്ചു. തളിപ്പറമ്പ് സമൃദ്ധി-2017 പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയുടെ ഭാഗമായ സംരംഭകത്വ പ്രൊജക്റ്റ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ലാഭകരമായ കൃഷി മാത്രമേ നിലനിൽക്കുകയുള്ളു. നല്ല കർഷകരെ കണ്ടെത്തി ഈ രീതിയിലേക്കു കൊണ്ടുവരണം. ഉൽപ്പന്നങ്ങൾക്കു ബ്രാൻഡ് നെയിം വേണം. കഞ്ഞിക്കുഴി മാതൃക ഇതിനുദാഹരണമാണ്. മിച്ചം വരുന്ന ഉൽപ്പന്നങ്ങൾ വാല്യു ആഡഡ് ഉൽപ്പന്നങ്ങളാക്കി മാറ്റാവുന്നതാണ്.പല ഉൽപ്പന്നങ്ങളും വ്യത്യസ്തപേരുകളിൽ ഇറങ്ങിയതുകൊണ്ടാണ് കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങൾ പലതും പരാജയപ്പെടാനിടയായത്. ഇതെല്ലാം ഒരേ കുടക്കീഴിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. സംരംഭങ്ങൾക്കു പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനു പഞ്ചായത്തുകൾക്കു സഹായിക്കാൻ കഴിയും. സംരംഭകത്വ പ്രോജക്ടുകളെക്കുറിച്ച് പുതിയ മാർഗ്ഗരേഖയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അധികാരവികേന്ദ്രീകരണം കേരളത്തിൽ നടപ്പിലാക്കിയതിനുശേഷം പശ്ചാത്തല മേഖലയിൽ വന്നിട്ടുള്ള വളർച്ച ഉല്പ്പാദന മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊരു പ്രതിസന്ധിയായി നാം കാണണം. ഇതു മുറിച്ചുകടക്കുന്നതിനായി സംരംഭവികസനമാതൃക വളർത്തിക്കൊണ്ടുവരേണ്ടത് അനിവാര്യമാണ്. പ്രത്യേകിച്ച് കൃഷി, മൃഗസംരക്ഷണം, ചെറുകിട പരമ്പരാഗത വ്യവസായം എന്നീ മേഖലകൾക്ക് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന സംരംഭക പ്രോൽസാഹന മാതൃക കേരളവികസനത്തിന് പുതിയ ദിശാബോധം നൽകുമെന്ന് ഡോ തോമസ് ഐസക് അഭിപ്രായപ്പെട്ടു. ജെയിംസ് മാത്യു എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.കില അസോ.പ്രൊഫ.ഡോ.പീറ്റർ എം.രാജ് സംസാരിച്ചു. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത പരിശീലനപരിപാടി ചൊവ്വാഴ്ച വൈകീട്ട് സമാപിച്ചു.

## സാമൂഹ്യസുരക്ഷാപെൻഷൻ: പരാതി പരിഹാരത്തിനു സർക്കാർ അദാലത്തുകൾ സംഘടിപ്പിക്കുന്നു

**സാ**മൂഹ്യസുരക്ഷാപെൻഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനു സർക്കാർ അദാലത്ത് സംഘടിപ്പിക്കുന്നു. പെൻഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷനുകൾ ക്രമീകരിച്ചപ്പോൾ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ,കോർപ്പറേഷനുകൾ വഴി പെൻഷൻ അദാലത്തു നടത്താൻ സർക്കാർ നിർദ്ദേശം നൽകിയത്. ഇതുസംബന്ധിച്ച ധനകാര്യവകുപ്പിന്റെ ഉത്തരവ് 25.4.2017 നു പുറത്തിറങ്ങി.

സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിൽ അംഗമായി ഐ.ഡി.നമ്പർ ലഭിച്ചവരും പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്കും അദാലത്തിൽ പരാതി സമർപ്പിക്കാം.തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കു രേഖാമൂലമാണ് പരാതി നൽകേണ്ടത്.തദ്ദേശസ്ഥാപനങ്ങൾ അദാലത്തിനുള്ള തീയതി നിശ്ചയിച്ച് അക്കാര്യം ഏപ്രിൽ 30 നകം പ്രസിദ്ധീകരിക്കണം. അദാലത്തിനു അഞ്ചുദിവസം മുമ്പ് പരാതികൾ സ്വീകരിക്കണം. മേയ് 10നും 20നും മദ്ധ്യേയുള്ള തീയതികളിലാണ് അദാലത്തു നടത്തേണ്ടത്.

ആവശ്യമായ രേഖകൾ സഹിതമാണ് പരാതികൾ സമർപ്പിക്കേണ്ടത്.പഞ്ചായത്ത് പ്രസിഡന്റ്,മുനിസിപ്പൽ ചെയർമാൻ, മേയർ എന്നിവരും തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിയും ചുമതലപ്പെടുത്തുന്ന ഒരു ഗസറ്റഡ് ഓഫീസറും അദാലത്തിൽ അംഗങ്ങളായിരിക്കും. അദാലത്തിലെടുക്കുന്ന തീരുമാനമനുസരിച്ച് ഡാറ്റാബേസിൽ മാറ്റങ്ങൾ വരുത്തുന്നതാണ്.(സർക്കാർ ഉത്തരവ് (സാധാ)3634/17/ധന.തീയതി 24.4.2017 നമ്പറായിട്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.)




പിണറായി പഞ്ചായത്തിലെ രണ്ടാം വാർഡ് ഗ്രാമസഭയിൽ മുഖ്യമന്ത്രി **പിണറായി വിജയൻ** സംസാരിക്കുന്നു




കേരള മുഖ്യമന്ത്രി എവിടെ?ഗ്രാമസഭയിൽ എന്ന തലക്കെട്ടോടെ പ്രമുഖ തമിഴ് ദിനപത്രത്തിൽ വന്ന വാർത്ത
കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്നു



തളിപ്പറമ്പിലെ കില മാലിന്യപരിപാലന,ജൈവകൃഷി പരിപോഷണ കേന്ദ്രം
**ജെയിംസ് മാത്യു എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# തളിപ്പറമ്പിലെ കില പരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പിലെ കില മാലിന്യപരിപാലന-ജൈവകൃഷി പരിപോഷണ കേന്ദ്രം ജെയിസം മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു.മുനിസിപ്പൽ ചെയർമാൻ മഹമൂദ് അള്ളാകുളം,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ലത, കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ഐ. വി. നാരായണൻ, കെ.പ്രദീപൻ എന്നിവർ സംസാരിച്ചു.ജില്ലാ കോർഡിനേറ്റർ ടി.വി.രത്നാകരൻ പദ്ധതി വിശദീകരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽറ്റി കെ.വി.ഗോവിന്ദൻ, കെ. ഗോപാലകൃഷ്ണൻ, പി.പി.ദാമോദരൻ എന്നിവർ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ശശിധരൻ സ്വാഗതം പറഞ്ഞു. ജനകീയാസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിനുതകുന്ന പരിശീലന-പഠനം-ഗവേഷണം ശക്തിപ്പെടുത്താനും കിലയുടെ പ്രവർത്തനം വികേന്ദ്രീകരിക്കാനുമാണ് ഈ പ്രാദേശിക പരിശീലനകേന്ദ്രം കിലയുടെ ഭാഗമാക്കി മാറ്റിയത്.ജൈവകൃഷി വികസനവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പരിശീലന-പഠനത്തിനാണ് കേന്ദ്രത്തിൽ മുൻഗണന നൽകുന്നത്.




കിലയുടെ സ്നേഹാദരം പരിപാടിയിൽ പങ്കെടുത്തു മുൻ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** സംസാരിക്കുന്നു

# എസ്.എം.വിജയാനന്ദിന് കിലയുടെ സ്നേഹാദരം

**ദീർഘ**കാലം കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദിനു കില ജീവനക്കാർ സ്നേഹാദരം നൽകി. കിലയിലൊരുക്കിയ സ്നേഹാദരത്തിൽ കില ഡയറക്ടർ ഡോ. പി.പി.ബാലൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. കിലയുടെ വളർച്ചയിൽ വിജയാനന്ദിനുള്ള പങ്ക് നിസ്തുലമാണെന്നു അദ്ദേഹം പറഞ്ഞു. ലാളിത്യത്തിന്റെ ആൾരൂപമാണ് അദ്ദേഹമെന്ന് കോസ്റ്റ്ഫോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ചന്ദ്രദത്ത് അഭിപ്രായപ്പെട്ടു. ലാളിത്യവും കൃത്യനിഷ്ഠയും വിജയാനന്ദിന്റെ മുഖമുദ്രയാണെന്നു തൃശ്ശൂർ ജില്ലാകലക്ടർ ഡോ. എ.കൗശികൻ പറഞ്ഞു.ആർക്കും എപ്പോൾ വേണമെങ്കിലും ചെന്നു കാണാവുന്ന മുതിർന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. തൃശ്ശൂർ ജില്ലാ ആസൂത്രണസമിതി അംഗം എം.എൻ.സുധാകരൻ, അജിത് വെണ്ണിയൂർ, കില പ്രൊഫസർമാരായ ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം. രാജ്, ഡോ.ജെ.ബി.രാജൻ, ഫിനാൻസ്-അക്കൗണ്ട്സ് ഓഫീസർ ആർ. ഗിരിജാദേവി എന്നിവർ സംസാരിച്ചു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സംഘം ഉദ്യോഗസ്ഥർ തന്നെ പുകച്ചു ചാടിക്കാൻ ശ്രമിക്കുകയായിരുന്നുവെന്ന് മറുപടി പ്രസംഗത്തിൽ വിജയാനന്ദ് പറഞ്ഞു. എന്റെ ഔദ്യോഗിക ജീവിതത്തിൽ എന്നെ ഏറെ വേദനിപ്പിച്ച ഒന്നായിരുന്നു അത്. ഇഷ്ടമില്ലാഞ്ഞിട്ടുകൂടി ദെൽഹിക്കു പോകാൻ താൻ തീരുമാനിച്ചതും അതുകൊണ്ടായിരുന്നു. പക്ഷെ ദൽഹിയിലെ ജീവിതം ഏറെ ആഹ്ലാദകരമായിരുന്നു. എന്നെ ദ്രോഹിച്ചവരുടെ പടങ്ങൾ വീട്ടിൽ ചില്ലിട്ടുവയ്ക്കണമെന്നു അപ്പോൾ എനിക്കു തോന്നി. പത്തുവർഷക്കാലം പാലൊളി മുഹമ്മദുകുട്ടിയോടൊപ്പവും നാലുവർഷം ഏ.കെ.ആന്റണിയോടൊപ്പവും കഴിഞ്ഞത് വളരെ സന്തോഷത്തോടെയായിരുന്നു. എന്നെ ഏറെ സ്നേഹിച്ച സ്ഥാപനമാണ് കിലയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



കിലയുടെ സ്നേഹാദരം പരിപാടിയിൽ പങ്കെടുക്കാനെത്തിയ മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദിനെ
കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഷാളണിയിച്ച് സ്വീകരിക്കുന്നു



കിലയിൽ സംഘടിപ്പിച്ച കുടുംബശ്രീ മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് യൂണിറ്റ് വാർഷികം
**പി.കെ.ബിജു എം.പി.** ഉദ്ഘാടനം ചെയ്യുന്നു

# പദ്ധതി രൂപീകരണപ്രവർത്തനം എങ്ങനെയായിരിക്കണം?

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പദ്ധതിപ്രവർത്തനം സുതാര്യവും സുഗമവുമായി നടത്തുന്നതിനായി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കുള്ള മാർഗ്ഗരേഖകൾ പുറത്തിറങ്ങിക്കഴിഞ്ഞു. ഇനി ജനകീയസമിതികൾ കൂടി തീരുമാനമെടുത്ത് നാടിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള ഊർജിത നടപടികളാണ് വേണ്ടത്.

ആദ്യമായി തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ആസൂത്രണസമിതികൾ രൂപീകരിക്കണം.ഭരണസമിതി തീരുമാന പ്രകാരമായിരിക്കണമത്. അതോടൊപ്പം തദ്ദേശഭരണതലത്തിൽ ഒരു ഉദ്യോഗസ്ഥനെ അസി.പ്ലാൻ കോർഡിനേറ്ററായി തീരുമാനിക്കുകയും വേണം. പ്ലാൻ കോർഡിനേറ്റർ സെക്രട്ടറി തന്നെയായിരിക്കും. വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കണം. കരടുവികസനരേഖയും പദ്ധതിരേഖയും തയ്യാറാക്കുന്ന ചുമതല വർക്കിംഗ് ഗ്രൂപ്പിനെ ഏൽപ്പിക്കണം. ഗ്രാമ/വാർഡു സഭകളിലേക്കു കോർഡിനേറ്റർമാരെ നിയമിക്കണം. ഇപ്പറഞ്ഞ എല്ലാകാര്യങ്ങൾക്കും ഭരണസമിതി തീരുമാനവും നടപടിക്രമങ്ങളും(പ്രൊസിഡിംഗ്സ്) ഉണ്ടായിരിക്കണം. കരടുവികസനരേഖയും പദ്ധതിരേഖയും ഗ്രാമസഭകളിൽ/വാർഡുസഭകളിൽ വച്ച് അംഗീകാരം തേടണം. അതുപോലെതന്നെ ഊരുകൂട്ടം,മത്സ്യസഭ, ഭിന്നശേഷിക്കാരുടെ ഗ്രാമസഭ,വൃദ്ധർക്കുവേണ്ടിയുള്ള ഗ്രാമസഭ എന്നിവയും ചേരാൻ കോർഡിനേറ്റർമാരെ നിശ്ചയിച്ച് അവ കൂടുന്നതും തീരുമാനമെടുക്കുന്നതും പദ്ധതിപ്രവർത്തനം കൂടുതൽ സുതാര്യമാക്കും. സ്റ്റാറ്റസ് റിപ്പോർട്ട്,വികസനരേഖ, പദ്ധതിരേഖ, എന്നിവ നിശ്ചിത മാതൃകയിലും ഫോറങ്ങൾ നിഷ്കർഷിച്ചിട്ടുള്ളവ അത്തരത്തിലും തന്നെയായിരിക്കാൻ ശ്രദ്ധിക്കണം.സ്റ്റാറ്റസ് റിപ്പോർട്ട തയ്യാറാക്കിയാൽ അതിന്റെ അടിസ്ഥാനത്തിൽ വികസനരേഖ തയ്യാറാക്കാൻ ഉപസമിതിയെ ചുമതലപ്പെടുത്തണം.

ഭിന്നശേഷിക്കാർ,മത്സ്യതൊഴിലാളികൾ, വയോജനങ്ങൾ, കുട്ടികൾ,വനിത എന്നിവയ്ക്കുള്ള ഗ്രാമസഭകൾ തദ്ദേശസ്ഥാപനതലത്തിൽ വിളിച്ചുകൂട്ടുന്നതാണ് ഉചിതം. ഇവിടെ എടുക്കുന്ന തീരുമാനങ്ങളും വർക്കിംഗ് ഗ്രൂപ്പു തയ്യാറാക്കിയ കരടു വികസനരേഖയും പദ്ധതിരേഖകളും ഗ്രാമസഭ/വാർഡുസഭ എന്നിവയിൽ ചർച്ച ചെയ്തു തീരുമാനമെടുക്കണം. തുടർന്ന് സ്റ്റാൻഡിംഗ് കമ്മിറ്റികളിലും ഭരണസമിതിയിലും അതുസംബന്ധിച്ച തീരുമാനങ്ങൾ കൃത്യമായി നമ്പർ നൽകി ചേർക്കണം. പദ്ധതികൾക്കു മുൻഗണന നൽകാൻ വികസനപ്രശ്നങ്ങളുടെ അഭിപ്രായസർവേ നടത്താവുന്നതാണ്.

ഗ്രാമസഭകളിൽനിന്നും ഊരുകൂട്ടങ്ങളിൽനിന്നും പ്രത്യേക വിഭാഗത്തിന്റെ ഗ്രാമസഭകളിൽനിന്നും അഭിപ്രായസർവേകളിൽനിന്നും വരുന്ന നിർദ്ദേശങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്ന ചുമതല വർക്കിംഗ് ഗ്രൂപ്പിനാണ്. അപ്രകാരം ക്രോഡീകരിച്ച നിർദ്ദേശങ്ങളാണ് സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഭരണസമിതിയിലും തീരുമാനത്തിനായി വരേണ്ടത്. ഇപ്രകാരമുള്ള എല്ലാനടപടികൾക്കും ഭരണസമിതി തീരുമാനം അനിവാര്യമാണ്. ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച നിർദ്ദേശങ്ങൾ ഉൾക്കൊണ്ട കരടുവികസനരേഖയും പദ്ധതിരേഖയും അച്ചടിച്ച് വികസന സെമിനാറിൽ സമർപ്പിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള അംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി വിപുലമായ രീതിയിൽ ചേരുന്ന വികസന സെമിനാറിൽ വച്ച് വിഷയാടിസ്ഥാനത്തിൽ ചർച്ചചെയ്ത് തദ്ദേശസ്ഥാപനതലത്തിലുള്ള മുൻഗണന നിശ്ചയിക്കണം.വികസനസെമിനാറിൽ അംഗീകരിച്ച പദ്ധതികളാണ് വർക്കിംഗ് ഗ്രൂപ്പുകൂടി അടങ്കൽ നിശ്ചയിച്ച് സ്റ്റാൻഡിംഗ് കമ്മിററികളിലേക്കു കൈമാറേണ്ടത്. വിഷയാടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മിററികൾകൂടി ഓരോ പദ്ധതിക്കും ആവശ്യമായ വിഭവങ്ങൾ കണക്കാക്കി പ്രോജക്ടുകളുടെ അടങ്കൽ തുക നിശ്ചയിക്കണം. ഇപ്രകാരം അടങ്കൽ നിശ്ചയിച്ച പദ്ധതികൾക്കാണ് ഭരണസമിതി അംഗീകാരം നൽകേണ്ടത്.

അടങ്കൽ നിശ്ചയിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- തദ്ദേശസ്ഥാപനത്തിനു ലഭിക്കുന്ന എല്ലാ വിഭവങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തണം.
- വികസനഫണ്ടായി ലഭിക്കുന്ന തുകയുടെ 30 ശതമാനം തുക ഉദ്പ്പാദനമേഖലയ്ക്കു നീക്കിവയ്ക്കണം. (മുനിസിപ്പാലിറ്റികളിൽ ഇതു പത്തുശതമാനമായിരിക്കും)
- മാലിന്യനിർമ്മാർജനത്തിനു ഹരിതകേരളം പദ്ധതിയിൽ വികസനഫണ്ടിന്റെ പത്തുശതമാനം തുക നീക്കിവയ്ക്കണം. മുനിസിപ്പാലിററിയിൽ ഇതു പതിനഞ്ചു ശതമാനമായിരിക്കും.
- പശ്ചാത്തലമേഖലയ്ക്കു ഗ്രാമപഞ്ചായത്തിൽ 30 ശതമാനം തുകയും ബ്ലോക്ക് പഞ്ചായത്തിൽ 25 ശതമാനം തുകയും ജില്ലാപഞ്ചായത്തിൽ 40 ശതമാനം തുകയും മുനിസിപ്പാലിററിയിൽ 50 ശതമാനം തുകയും മാത്രമേ പരമാവധി നീക്കിവയ്ക്കാൻ പാടുള്ളൂ. മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിൽ പത്തുശതമാനം തുക നഗരാസൂത്രണത്തിനായിരിക്കണം.
- വനിതാഘടകപദ്ധതിക്കു പത്തുശതമാനം തുക നീക്കിവയ്ക്കണം.
- കുട്ടികൾ,ഭിന്നശേഷിക്കാർ എന്നിവയ്ക്കു അഞ്ചുശതമാനം തുകയും വയോജനങ്ങൾ,പാലിയേററീവ് കെയർ എന്നിവയ്ക്കു അഞ്ചുശതമാനം തുകയും വികസനഫണ്ടിൽനിന്നു മാറ്റിവയ്ക്കണം.
- എസ്.സി/എസ്.ടി വിഭാഗത്തിൽനിന്നു പശ്ചാത്തലമേഖലയ്ക്കു 30 ശതമാനത്തിൽ കൂടുതൽ മാറ്റിവയ്ക്കരുത്.
- നിർബന്ധിത പ്രോജക്ടുകളായ താഴെ പറയുന്ന പദ്ധതികൾക്കു തുക മാറ്റിവയ്ക്കണം.
  - അങ്കണവാടി പോഷകാഹാരം(ഗ്രാമപഞ്ചായത്ത്-മുനിസിപ്പാലിറ്റി)
  - എസ്.എസ്.എ വിഹിതം (ബ്ലോക്ക് പഞ്ചായത്തിനില്ല.)
  - പി.എം.എ.ഐ അധികവിഹിതം
  - പാലിയേററീവ് കെയർ പദ്ധതി (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിററി)
  - ഭിന്നശേഷിക്കാർക്കു സ്കോളർഷിപ്പും ബത്തയും
  - ആശ്രയപദ്ധതി (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി)
  - ഐ.കെ.എം. വിഹിതം.

ഭരണസമിതി അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങളാണ് അന്തിമ പദ്ധതിരേഖയായി വീണ്ടും അച്ചടിച്ച് കൊണ്ടുവരേണ്ടത്. ഈ അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങളാണ് വിഷയമേഖല തിരിച്ച് ഓരോ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രോജക്ടുകൾ തയ്യാറാക്കാൻ നൽകേണ്ടത്.

വി.ജി.ശശിധരൻ,തത്തപ്പള്ളി

## ചോദ്യങ്ങൾക്കു മറുപടി

**?** ഉദ്പ്പാദനമേഖല, മാലിന്യനിർമ്മാർജനം തുടങ്ങിയവയ്ക്കു മേഖലാവിഭജനം നടത്തുന്നതു ഏതെല്ലാം ഫണ്ടിൽനിന്നാണെന്നു വ്യക്തത വരുത്താമോ?

● വികസനഫണ്ടിന്റെ മുപ്പതുശതമാനം തുകയാണ് പഞ്ചായത്തുകളിൽ ഉദ്പ്പാദനമേഖലയ്ക്കു വകയിരുത്തേണ്ടത്. വികസനഫണ്ടിന്റെ പത്തുശതമാനം തുക മാലിന്യസംസ്കരണത്തിനു നീക്കിവയ്ക്കണം. ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ മുപ്പതുശതമാനത്തിലധികം തുക പശ്ചാത്തലമേഖലയ്ക്കു വകയിരുത്തരുത്. ബ്ലോക്ക് പഞ്ചായത്തിന്റെ 25 ശതമാനവും ജില്ലാപഞ്ചായത്തിന്റെ 40 ശതമാനം തുകയിൽ കൂടുതലും പശ്ചാത്തല മേഖലയ്ക്കു വയ്ക്കരുത്. പഞ്ചായത്തുകളിൽ (എസ്.സി എസ്.പി. ടി.എസ്.പി) ഫണ്ടിന്റെ 30 ശതമാനത്തിൽ കൂടുതൽ പശ്ചാത്തലമേഖലയ്ക്കു വകയിരുത്തരുത്. പൊതുവിഭാഗം വികസനഫണ്ട് എസ്.എസിഎസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ പത്തുശതമാനം തുക വനിതാവികസനത്തിനും അഞ്ചുശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ വികസനത്തിനും അഞ്ചുശതമാനം തുക വയോജനക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും മാറ്റിവയ്ക്കണം. മുനിസിപ്പൽ/ കോർപ്പറേഷനുകളിൽ പൊതുവിഭാഗം വികസനഫണ്ടിന്റെ പത്തുശതമാനം തുക ഉദ്പ്പാദനമേഖലയ്ക്കും 15 ശതമാനം തുക മാലിന്യസംസ്കരണത്തിനും മാറ്റിവയ്ക്കണം. പൊതുവിഭാഗം വികസനഫണ്ടിന്റെ 50 ശതമാനം തുകയിലധികം പശ്ചാത്തല മേഖലയ്ക്കും നീക്കിവയ്ക്കാൻ പാടില്ല. ഇതിൽ പത്തുശതമാനം തുക നഗരസൗകര്യങ്ങൾ വർദ്ധിപ്പിക്കാനായിരിക്കണം. ഇപ്രകാരമാണ് മേഖലാവിഭജനം നടത്തേണ്ടത് (ഖണ്ഡിക 11.4. പദ്ധതി ആസൂത്രണമാർഗ്ഗരേഖ. ജി.ഒ(എം.എസ്) 72/2017 തീയതി. 3.4.17.തസ്വഭവ)

**?** വീടുപുനരുദ്ധാരണം,വീടുവയ്ക്കൽ എന്നിവയ്ക്കു എത്ര രൂപയാണ് സബ്സിഡിയായി നൽകേണ്ടത്?

● വീടുപുനരുദ്ധാരണത്തിനു എന്നു പ്രത്യേകം പറയുന്നില്ല. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര വയ്ക്കാൻ 50,000 രൂപ പൊതുവിഭാഗത്തിനും 75,000 രൂപ എസ്.എസി.എസ്.പി.ടി.എസ്.പിക്കും പരമാവധി നൽകാം. വീടു വാസയോഗ്യമാക്കാൻ ജനറൽ വിഭാഗം ഒരു ലക്ഷം രൂപയും എസ്.എസ്.പി, ടി.എസ്.പി.വിഭാഗത്തിനു 150,000 രൂപയും പരമാവധി നൽകാം.ഭവനരഹിതർക്കുള്ള വീടു നൽകുന്ന പദ്ധതിയിൽ ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായമാണ് നൽകേണ്ടത്.(ഖണ്ഡിക.8.6 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 80/2017 തസ്വഭവ. തീയതി3.4.2017)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

**?** സഹകരണസ്ഥാപനങ്ങൾക്കു കെട്ടിടം ഉണ്ടാക്കാൻ ധനസഹായം നൽകാമോ?

● നൽകാം.സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 9.2.(5) ജി.ഒ എം.എസ്.80/17 തസ്വഭവ. തീയതി.3.4.17) കാണുക.

**?** കഴിഞ്ഞവർഷം തയ്യാറാക്കി ഡി.പി.സി.അംഗീകാരം ലഭിച്ചെങ്കിലും നടപ്പാക്കാൻ കഴിയാത്ത പ്രോജക്ട് ഇത്തവണ സ്പിൽ ഓവർ ആയി തുടരാൻ കഴിയുമോ?

● സ്പിൽ ഓവറായി തുടരാം.(ജി.ഒ (ആർ.ടി) 3689/2017 ഫിൽ.തീയതി.28.4.17 ഉത്തരവു കാണുക.)

**?** വിദേശത്തുവച്ച് ജനിച്ച ഒരു കുട്ടി ഇവിടെയാണ്. എന്നാൽ മാതാപിതാക്കൾ ഇപ്പോഴും വിദേശത്താണ്. കുട്ടിയുടെ ജനനം ഇവിടെ രജിസ്റ്റർ ചെയ്യാമോ?

● പാടില്ല. മാതാപിതാക്കൾ ഇവിടെ സ്ഥിരതാമസമാക്കാൻ വരുമ്പോൾ മാത്രമേ ഇവിടെ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.

**?** എല്ലാ ഡി.ആന്റ് ഒ അപേക്ഷകളിലും സാനിറ്ററി സാക്ഷ്യപത്രം നിർബന്ധമാണോ?

● സാനിററി സാക്ഷ്യപത്രം നിർബന്ധമാണെന്നു നിഷ്കർഷിച്ചിട്ടുള്ള ഹോട്ടൽ,ബേക്കറി, തുടങ്ങിയ സ്ഥാപനങ്ങൾക്കു സാനിറ്ററി സർട്ടിഫിക്കറ്റ് ആവശ്യമാണ്. അല്ലാത്ത സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനാറിപ്പോർട്ട് മതിയാകും.

**?** പ്രൊക്യുർമെന്റ് മാനുവൽ പഴയതാണോ പുതിയതാണോ ഇപ്പോൾ ബാധകം?

● 8.11.2010 ൽ ജി.ഒ. (പി) നമ്പർ 259/2010 നമ്പറായി തദ്ദേശവകുപ്പു പുറത്തിറക്കിയ പഴയ പ്രൊക്യുർമെന്റ് മാനുവലാണ് ഇപ്പോൾ പദ്ധതി പ്രവർത്തനത്തിനു ബാധകമായിട്ടുള്ളത്.

**?** മഴവെള്ള സംഭരണി നൽകാമോ? എത്ര തുക സബ്സിഡി നൽകാം?

● മഴവെള്ള സംഭരണിയുടെ 75 ശതമാനം തുക സബ്സിഡി നൽകാം. പരമാവധി 12,500 രൂപ വരെ നൽകാം.100 ചതുരശ്രമീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്കു മാത്രമാണ് ഇത് അനുവദിച്ചിട്ടുള്ളത്. എഞ്ചിനിയർ വാല്യുവേഷൻ എടുത്തിട്ടാണ് സബ്സിഡി നൽകേണ്ടത്.



കേന്ദ്രപഞ്ചായത്ത് രാജ് ജോ.സെക്രട്ടറി കെ.എസ്.സേത്തി കില ഡയറക്ടർ, ജനപ്രതിനിധികൾ, തുടങ്ങിയവരുമായി ചർച്ച നടത്തുന്നു.



കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പഠിക്കുന്നതിനു കിലയിലെത്തിയ നാഗാലാൻഡ് സ്റ്റേറ്റ് സിവിൽ സർവീസിലെ പ്രൊബേഷണറി ഓഫീസർമാർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി

# നഗാലാൻഡിലെ സിവിൽ സർവീസ് ഓഫീസർമാർ കിലയിൽ

**കേ**രളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പഠിക്കുന്നതിനു നാഗാലാൻഡിലെ സ്റ്റേറ്റ് സിവിൽ സർവീസിലെ പ്രൊബേഷണറി ഓഫീസർമാർ കിലയിലെത്തി. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഇവർക്കു നാലുദിവസത്തെ പരിശീലനം നൽകി.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു. പ്രൊഫ. ടി.രാഘവൻ, എം.രേണുകുമാർ, ഹേമലത എന്നിവർ പരിശീലനത്തിനു നേതൃത്വംനൽകി. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും സംഘാംഗങ്ങൾ ചർച്ച നടത്തി.

കൊഹിമയിലെ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.ഹവിതാൽ സോട്ടുവാണ് 25 അംഗ നാഗാലാൻഡ് സംഘത്തെ നയിക്കുന്നത്.



ഭൂട്ടാൻ സംഘത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ നിന്ന്

# വികേന്ദ്രീകൃതാസൂത്രണം പഠിക്കാൻ ഭൂട്ടാൻ സംഘം കിലയിൽ

**വി**കേന്ദ്രീകൃതാസൂത്രണത്തിലൂടെ കേരളത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികളുടെ പ്രായോഗികവശങ്ങൾ കണ്ടുമനസ്സിലാക്കുന്നതിനു ഭൂട്ടാനിൽനിന്നുള്ള ഉന്നതതല സംഘം കിലയിലെത്തി. തദ്ദേശസ്ഥാപന തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കു നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരുള്ള ഇരുപതംഗ സംഘത്തിൽ അഞ്ചുപേർ തദ്ദശസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ്. പ്രാദേശികപദ്ധതികൾ രൂപീകരിച്ചുകഴിഞ്ഞാൽ അതു പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും തേടിയാണ് സംഘം കിലയിലെത്തിയത്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ചെറുകിട ജലസേചനപദ്ധതികൾ ഭൂട്ടാനിലും നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളും സംഘം ആരായുന്നുണ്ട്. കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടി കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ജോ.സെക്രട്ടറി കെ.എസ് സേത്തി ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. ഡോ.ജെ.ബി.രാജൻ, ഡോ.പീററ് എം.രാജ്, കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ എന്നിവർ സംസാരിച്ചു.

കേരളത്തിലെ പങ്കാളിത്താസൂത്രണം, ഗ്രാമവികസനം, ധനവികേന്ദ്രീകരണം,വിഭവസമാഹരണം, സ്ത്രീശാക്തീകരണത്തിൽ കുടുംബശ്രീയുടെ പങ്ക്, ഗ്രാമസഭയുടെ പ്രവർത്തനം, ഘടകസ്ഥാപനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു.ജെ.നെൽസണും സി.രാധാകൃഷ്ണനും പരിശീലനപരിപാടികൾക്കു നേതൃത്വം നൽകി.



തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമൃദ്ധി 2017 പദ്ധതിയുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ **ജെയിംസ് മാത്യു എം.എൽ.എ** മുഖ്യപ്രഭാഷണം നടത്തുന്നു

# തളിപ്പറമ്പിലെ സമൃദ്ധി കേരളത്തിനു മാതൃക

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന സമൃദ്ധി–2017 സംസ്ഥാനത്തിനു പുതിയ മാതൃകയാകുമെന്ന് ജെയിംസ് മാത്യു എം.എൽ.എ അറിയിച്ചു.പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പങ്കെടുക്കാനെത്തിയ ജെയിംസ് മാത്യു വാർത്താലേഖകരുമായി സംസാരിക്കുകയായിരുന്നു.സമ്പൂർണ ജൈവഗ്രാമപദ്ധതിയിലൂടെ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുകയാണ് ലക്ഷ്യം.സംരംഭം തുടങ്ങാൻ തയ്യാറുള്ളവർക്കു പരിശീലനവും പിന്തുണയും നൽകും.ഇതിലൂടെ തൊഴിലന്വേഷകരില്ലാത്ത മണ്ഡലം സൃഷ്ടിക്കും.ജൈവകൃഷി, പശു, ആട്, ജൈവവളനിർമ്മാണം തുടങ്ങിയ ചെറുകിടസംരഭങ്ങൾ തുടങ്ങാൻ തയ്യാറുള്ളവരെ കണ്ടെത്തി സഹായവും നൽകും.

പദ്ധതിയുടെ സംരഭകമീറ്റ്,ക്ലിനിക്ക്, ശിൽപ്പശാല എന്നിവ പൂർത്തിയായി.തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽ അനുസൃത പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. വൻതോതിൽ ഉദ്പ്പാദനവും വിപണനസൗകര്യവും ഒരുക്കും.ഇതിനായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ആസൂത്രണമാർഗ്ഗരേഖയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.സംരംഭകർക്കു റിവോൾവിംഗ് ഫണ്ട്, വായ്പയുടെ പലിശ മുഴുവൻ സബ് സിഡിയായി നൽകൽ, ഇങ്കുബേഷൻ ഫണ്ട് എന്നിവയാണവ.രജിസ്റ്റർ ചെയ്തവരിൽനിന്നു ഗ്രാമസഭകൾ വഴിയായിരിക്കും സംരംഭകരെ തെരഞ്ഞെടുക്കുക.ഇവർക്കു സംരംഭത്തിനുള്ള വായ്പ ലഭ്യമാക്കും.കൃത്യമായി വായ്പ അടയ്ക്കുകയും സംരംഭം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോവുയും ചെയ്യുന്നവരുടെ പലിശ ഗ്രാമ–ബ്ലോക്ക്–ജല്ലാപഞ്ചായത്തുകൾ നൽകും. പദ്ധതിക്കു മാറ്റിവയ്ക്കുന്ന തുകയുടെ നാലോ അഞ്ചോ ഇരട്ടിയുടെ മുതൽമുടക്കു ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്നു എന്നതാണ് ഇതിന്റെ മികവെന്നു ജെയിസം മാത്യു ചൂണ്ടിക്കാട്ടി.

സംരംഭകത്വപരിപാടിയിലൂടെ സമ്പൂർണ്ണസ്വയംപര്യാപ്ത ജൈവഗ്രാമങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നു പരിശീലന പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയ ജെയിംസ് മാത്യു പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം. രാജ്, കോർഡിനേറ്റർ കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഡോ.പി.ജയരാജ്, ഡോ.ജിജി ടി, ഇ.എം.മാത്യു, കെ.ആർ അനിൽകുമാർ, പ്രൊഫ.സുധീർ കെ.പി. ടോമി ജേക്കബ്ബ് തുടങ്ങിയ വിദഗ്ദ്ധർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. പരിയാരം , കുറുമാത്തൂർ, കുറ്റ്യാട്ടൂർ,മലപട്ടം, കൊളച്ചേരി, മയ്യിൽ, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുകളിലേയും തളിപ്പറമ്പ, എടക്കാട്, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തുകളിലേയും തളിപ്പറമ്പ്, ആന്തൂർ നഗരസഭകളിലേയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്.കണ്ണൂർ ജില്ലാ ആസൂത്രണ സമിതി അംഗം കെ.വി.ഗോവിന്ദൻ സംബന്ധിച്ചു.





KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**